# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.07.2025**

### പ്രധാനവാർത്തകൾ

1. സ്വാശ്രയത്വമാണ് വികസിത ഭാരതത്തിലേക്കുള്ള മാർഗമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; തനതു പാരമ്പര്യങ്ങൾക്ക് സമൂഹത്തിന് വഴികാട്ടിയാവാനുള്ള ശക്തിയുണ്ടെന്നും മൻ കി ബാത്തിൽ പരാമർശം.
2. ഓപ്പറേഷൻ സിന്ദൂരിനെക്കുറിച്ചുള്ള ചർച്ച നാളെ ലോക്സഭയിൽ ആരംഭിക്കും.
3. സംസ്ഥാനത്തെ 800 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.
4. കേരളത്തിൽ വരും ദിവസങ്ങളിലും മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; മത്സ്യബന്ധനത്തിന് വിലക്ക്.
5. ഇടുക്കി, പമ്പ ഡാമുകളിൽ ജലനിരപ്പുയർന്നു; നദീതീരങ്ങളിൽ ജാഗ്രതാ നിർദ്ദേശം.

RNU TVPM

6. ഇംഗ്ലണ്ടിനെതിരായ നാലാം ക്രിക്കറ്റ് ടെസ്റ്റിൻറെ അവസാന ദിനമായ ഇന്ന് ഇന്ത്യയുടെ രണ്ടാമിന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.

&&&&&&&&&&&&&&

മൻ കി ബാത്ത് -ഇൻട്രോ

സ്വാശ്രയത്വമാണ് വികസിത ഭാരതത്തിലേക്കുള്ള മാർഗമെന്ന് പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്ത് ബഹിരാകാശ സ്റ്റാർട്ടപ്പുകൾ അതിവേഗം വളരുകയാണ്. ചെറിയ കുട്ടികളിലുൾപ്പെടെ ബഹിരാകാശ ശാസ്ത്രത്തെ കുറിച്ച് ജിജ്ഞാസ വളരാൻ ശുഭാൻശു ശുക്ലയുടെ ബഹിരാകാശ യാത്ര സഹായകമായതായും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

ഖാദി സ്വാതന്ത്ര്യ സമരത്തിന് കരുത്ത് പകർന്നതിന് സമാനമായി, വികസിത ഭാരതത്തിലേക്കുള്ള യാത്രയിൽ, വസ്ത്രനിർമ്മാണമേഖല കരുത്തേകുന്നുവെന്നും ശ്രീ മോദി പരാമർശിച്ചു. ഖേലോ ഭാരത് നയത്തിന് പ്രശംസ ഏറുകയാണ്. പന്ത്രണ്ട് മറാഠാ കോട്ടകളെ ലോക പൈതൃക കേന്ദ്രങ്ങളായി യുനെസ്കോ അംഗീകരിച്ചതും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. പതിനൊന്ന് വർഷം പൂർത്തിയാക്കുന്ന 'സ്വച്ഛ് ഭാരത് ദൗത്യം, ഒരു ജനകീയ പ്രസ്ഥാനമായി മാറി. നമ്മുടെ നാടൻ പാരമ്പര്യങ്ങൾക്ക് ഇന്നും സമൂഹത്തിന് വഴികാട്ടിയാവാനുള്ള ശക്തിയുണ്ട്. പുരാതന കയ്യെഴുത്ത് രേഖകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനായി ആരംഭിക്കുന്ന ഗ്യാൻ ഭാരതം ദൗത്യത്തെ കുറിച്ചും മൻ കി ബാത്തിന്റെ 124 ആം പതിപ്പിൽ പ്രധാനമന്ത്രി പരാമർശിച്ചു.

RNU TVPM

&&&&&&&&&&&&&&

കണ്ണൂർ മൻകി ബാത്ത് -ഇൻട്രോ

ഭാവി തലമുറയ്ക്ക് ഏറെ ഊർജ്ജം നൽകുന്ന കാര്യങ്ങളാണ് പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിലൂടെ പങ്കുവച്ചതെന്ന് കണ്ണൂർ തളിപ്പറമ്പ്, ടാഗോർ വിദ്യാനികേതനിലെ വിദ്യാർത്ഥിനി ഐശ്വര്യ ലക്ഷ്മി. രാജ്യത്തിന് വേണ്ടി ഏറെ കാര്യങ്ങൾ ചെയ്യാൻ തനിക്കും കഴിയും എന്ന ആത്മവിശ്വാസം നൽകുന്നതാണ് പ്രധാനമന്ത്രിയുടെ വാക്കുകളെന്നും ഐശ്വര്യ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&

ഗംഗൈക്കൊണ്ടചോളപുരം - പ്രധാനമന്ത്രി

തമിഴ്നാട്ടിലെ ഗംഗൈക്കൊണ്ട ചോളപുരത്ത് ചോള ചക്രവർത്തിയായിരുന്ന രാജേന്ദ്ര ചോളൻ ഒന്നാമന്റെ ജന്മവാർഷിക ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. ഇന്ത്യയുടെ സ്വത്വത്തിന്റെയും, അഭിമാനത്തിന്റെയും പര്യായങ്ങളാണ് രാജ രാജ ചോളനും, രാജേന്ദ്ര ചോളനും എന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജേന്ദ്ര ചോളന്റെ സ്മരണാർത്ഥമുള്ള നാണയം പ്രധാനമന്ത്രി പുറത്തിറക്കി. ചോള ചക്രവർത്തിയുടെ ജന്മനക്ഷത്ര ദിനത്തിൽ നടന്ന ആടി തിരുവാതിര ഉത്സവത്തിൽ അദ്ദേഹം പങ്കെടുത്തു. വിഖ്യാത സംഗീത സംവിധായകൻ ഇളയരാജയുടെ നേതൃത്വത്തിൽ സംഗീത പരിപാടിയും ആഘോഷങ്ങളുടെ ഭാഗമായി നടന്നു.

&&&&&&&&&&&&&&

RNU TVPM

## ലോക് സഭ

ഓപ്പറേഷൻ സിന്ദൂരിനെക്കുറിച്ചുള്ള ചർച്ച നാളെ ലോക്സഭയിൽ ആരംഭിക്കും. പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചും ഓപ്പറേഷൻ സിന്ദൂരിനു കീഴിലുള്ള ഇന്ത്യയുടെ പ്രതികരണത്തെക്കുറിച്ചും നടന്നുകൊണ്ടിരിക്കുന്ന വർഷകാല സമ്മേളനത്തിൽ പ്രത്യേക ചർച്ച നടക്കുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു നേരത്തെ അറിയിച്ചിരുന്നു. ലോക്സഭയിൽ ചർച്ചയ്ക്കായി 16 മണിക്കൂർ നീക്കിവച്ചിട്ടുണ്ടെന്നും ചൊവ്വാഴ്ച രാജ്യസഭ 16 മണിക്കൂർ വിഷയം ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## വീണാ ജോർജ്ജ്

സംസ്ഥാനത്തെ 800 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ- ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിലും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. 2.62 കോടിയിലധികം ജനങ്ങൾ ഇ-ഹെൽത്തിലൂടെ സ്ഥിര യു.എച്ച്.ഐ.ഡി രജിസ്ട്രേഷൻ എടുത്തതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## ജ്ഞാനസഭ

ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ചുള്ള നയസംവാദ, നേതൃത്വ സമ്മേളനമായ ജ്ഞാനസഭ ഇന്ന് കൊച്ചിയിൽ ആരംഭിച്ചു. ശിക്ഷ സംസ്കൃതി ഉദാൻ ന്യാസ് സംഘടിപ്പിക്കുന്ന പരിപാടിയിൽ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാരും വിദ്യാഭ്യാസ വിദഗ്ധരും പങ്കെടുക്കുന്നു.

RNUTVPM

വിദ്യാഭ്യാസത്തിലെ ഭാരതീയത എന്ന സെഷനിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലെർക്കർ അധ്യക്ഷത വഹിക്കും. ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് മുഖ്യപ്രഭാഷണം നടത്തും.

&&&&&&&&&&&&&&

**ആറന്മുള -വള്ളസദ്യ**

ആറന്മുളയിൽ ദേവസ്വം ബോർഡ് ഏർപ്പെടുത്തിയ പ്രത്യേക വള്ളസദ്യകൾക്ക് തുടക്കമായി. പതിനൊന്ന് മണിയോടെ തന്നെ കൂപ്പൺ വാങ്ങിയ ആളുകൾ ഊട്ടുപുരയിൽ എത്തിച്ചേർന്നിരുന്നു. അതിനിടെ, ദേവസ്വം ബോർഡിൻ്റെ തീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ട് പള്ളിയോട സേവാസംഘം പ്രവർത്തകരും ആറൻമ്മുള പൈതൃക ഗ്രാമ സമിതി പ്രവർത്തകരും പ്രതിഷേധിച്ചു. വഞ്ചിപ്പട്ട് പാടി ക്ഷേതത്തിന് വലം വച്ച് ദേവസ്വം കമ്മീഷണറുടെ ഓഫീസിലെത്തി പ്രതിഷേധക്കാർ ഹർജി സമർപ്പിച്ചു.

RNU TVPM

&&&&&&&&&&&&&&

**കടുവ ആക്രമണം**

തിരുവനന്തപുരം മൃഗശാല ജീവനക്കാരനെ കടുവ ആക്രമിച്ചു. കൂട് വൃത്തിയാക്കുന്നതിനിടെയാണ് സൂപ്പർവൈസർ രാമചന്ദ്രനെ കടുവ ആക്രമിച്ചത്. പരിക്കേറ്റ ഇദ്ദേഹത്തെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്ക് സാരമുള്ളതല്ല എന്ന് മൃഗശാലാ അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&

**APJ അബ്ദുൾ കലാം- ഇൻട്രോ**

മുൻ രാഷ്ട്രപതിയും വിഖ്യാത ശാസ്ത്രജ്ഞനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ചരമവാർഷിക ദിനത്തിൽ രാഷ്ട്രം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ ബഹിരാകാശ, മിസൈൽ വികസന മേഖലകളിൽ ഡോ. കലാം വഹിച്ച പങ്ക് നിർണായകമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി മുൻ രാഷ്ട്രപതിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. വികസിതവും ശക്തവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് സംഭാവന നൽകാൻ ഡോ. കലാമിന്റെ ചിന്തകൾ രാജ്യത്തെ യുവാക്കളെ പ്രേരിപ്പിക്കുന്നതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ലോകസമാധാനം ആഹ്വാനം ചെയ്ത് ഡോ. എ.പി.ജെ. അബ്ദുൾ കലാം യൂറോപ്യൻ യൂണിയനിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്.

(ഹോൾഡ് വോയ്സ്......)

&&&&&&&&&&&&&&

RNU TVPM

**മഴ, നാശനഷ്ടം-ഇൻട്രോ**

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ബുധനാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെയും കർണാടക തീരത്ത് വ്യാഴാഴ്ച വരെയും, മത്സ്യബന്ധനത്തിന് പോകാൻ പാടില്ല.

കനത്ത മഴയിൽ സംസ്ഥാനത്തെ വിവിധയിടങ്ങളിൽ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തു.

വിശദാംശങ്ങളിലേക്ക്....

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&

മലപ്പുറം- മരണം

മലപ്പുറം വേങ്ങര വെട്ട്തോട് തോട്ടിൽ കുളിക്കാൻ ഇറങ്ങിയ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ചു. കണ്ണമംഗലം അച്ചനമ്പലം സ്വദേശി പുള്ളാട്ട് അബ്ദുൽ വദൂത്ത് ആണ് മരിച്ചത്. 18 വയസ്സായിരുന്നു. മഴയെ തുടർന്ന് തോട്ടിലേക്ക് തകർന്നു വീണ വൈദ്യുതി കമ്പിയിൽ നിന്നാണ് ഷോക്കേറ്റത്.

&&&&&&&&&&&&&&

ഗോവിന്ദച്ചാമി

കുപ്രസിദ്ധ കുറ്റവാളി ഗോവിന്ദച്ചാമി കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും പുറത്തു കടക്കുന്നതിൻറെയും, സെല്ലിൻറെ അഴികൾ മുറിച്ച് മാറ്റിയതിൻറെയും ദൃശ്യങ്ങൾ പുറത്ത്. രണ്ട് ഇരുമ്പ് കമ്പികൾ മുറിച്ചുമാറ്റിയാണ് ഗോവിന്ദച്ചാമി പുറത്തിറങ്ങിയത്. സെല്ലിൻറെ കമ്പികൾ മുറിച്ചത് ജയിൽ സുരക്ഷാ ഉദ്യോഗസ്ഥർ അറിയാതിരിക്കാൻ നൂലുകൾ കൊണ്ട് കെട്ടിയിരുന്നു. നൂലു കെട്ടിയിരിക്കുന്നത് എന്തിനെന്ന് ജയിൽ വാർഡൻ ചോദിച്ചിരുന്നെങ്കിലും സെല്ലിലേക്ക് എലി കയറുന്നതിനാലാണ് താഴ്ഭാഗം കെട്ടി മറച്ചതെന്ന് ഗോവിന്ദച്ചാമി മറുപടി നൽകി.

&&&&&&&&&&&&&&

RNUTVPM

ക്രിക്കറ്റ്

ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിന്റെ അവസാനദിനമായ ഇന്ന് രണ്ടാമിന്നിംഗ്സ് ബാറ്റിംഗ് തുടരുന്ന ഇന്ത്യ , ഒടുവിൽ വിവരം ലഭിക്കുമ്പോൾ 4 വിക്കറ്റ് നഷ്ടത്തിൽ 250 റൺസ് എടുത്തിട്ടുണ്ട്. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒന്നാമിന്നിങ്സിൽ 358 റൺസ് നേടിയപ്പോൾ, മറുപടി ബാറ്റിങ്ങിൽ ഇംഗ്ലണ്ട് 669 റൺസ് നേടിയിരുന്നു.അഞ്ചു മത്സര പരമ്പര നിലവിൽ ഇംഗ്ലണ്ട് 2-1 നു ലീഡ് ചെയ്യുകയാണ്.

&&&&&&&&&&&&&&

&&&&&&&&&

&&&

RNU TVPM